ലഭ്യമാക്കുന്നതിലൂടെ പൊതുസേവന വ്യയം കുറയ്ക്കുന്നതിന് അനുയോജ്യമായ ശിപാർശകൾ നൽകുക എന്നിവയ്ക്ക് ദീർഘമായ പഠനം ആവശ്യമാണ്. കൂടാതെ കേരള ജല അതോറിറ്റി, ഹൈക്കോടതി എന്നിവയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന്റെ ചുമതലയും പത്താം ശമ്പള പരിഷ്കരണ കമ്മിഷന് സർക്കാർ നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 1-7-2015-ലെ സ.ഉ.(കൈ) നം.263/2015/ധന പ്രകാരം പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി 30-11-2015 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

സ്വയം സംരംഭകത്വ മിഷൻ

132 (3286) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വയം സംരംഭകത്വ മിഷൻ പദ്ധതി പ്രകാരം നാളിതുവരെ എത്ര പേർക്ക് തൊഴിൽ ലഭ്യമായി; ഓരോ ജില്ലയിലും ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചു; എത്ര സംരംഭങ്ങൾ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

31-5-2015-ലെ കണക്കുകൾ പ്രകാരം കേരള സംരംഭകത്വ വികസന മിഷനിലൂടെ 5453 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ നേരിട്ടുള്ള സംരംഭകരായ 2403 പേരെ കൂടാതെ 3050 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ച് ലഭിച്ചിട്ടുള്ള അപേക്ഷകളുടെയും അനുവദിച്ച സംരംഭങ്ങളുടെയും കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

ക്രമ നമ്പർ	ജില്ല	ലഭിച്ച അപേക്ഷകൾ	വായ്പ അനുവദിച്ച സംരംഭങ്ങൾ
(1)	(2)	(3)	(4)
1	തിരുവനന്തപുരം	1504	198
2	കൊല്ലം	765	29
3	പത്തനംതിട്ട	366	25
4	കോട്ടയം	956	63
5	ആലപ്പുഴ	777	46
6	എറണാകുളം	1350	121
7	ഇടുക്കി	761	90

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
8	തൃശ്ശൂർ	617	30
9	മലപ്പുറം	1400	131
10	പാലക്കാട്	717	55
11	കോഴിക്കോട്	937	101
12	വയനാട്	476	58
13	കണ്ണൂർ	441	62
14	കാസർഗോഡ്	411	35
	ആകെ	11478	1044

റവന്യൂ വരുമാനം

133 (3287) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ?

(എ) ഈ സർക്കാരിന്റെ ഓരോ ബഡ്ജറ്റിലും അതാത് വർഷത്തേയ്ക്ക് പ്രതീക്ഷിച്ച റവന്യൂ വരുമാനം എത്ര കോടി രൂപയായിരുന്നു ; ഓരോ വർഷത്തെയും യഥാർത്ഥ റവന്യൂ വരുമാനം എത്രയായിരുന്നു ; ഓരോ വർഷവും പ്രതീക്ഷിച്ച റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനം യഥാർത്ഥത്തിൽ ലഭിക്കുകയുണ്ടായി;

(ബി) ഓരോ ബഡ്ജറ്റിലും പ്രതീക്ഷിച്ച നികുതി വരുമാനം എത്ര രൂപയായിരുന്നു; യഥാർത്ഥത്തിൽ നേടാൻ കഴിഞ്ഞ നികുതി വരുമാനം എത്രയായിരുന്നു; ഓരോ വർഷവും പ്രതീക്ഷിച്ച നികുതി വരുമാനത്തിന്റെ എത്ര ശതമാനം യഥാർത്ഥത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ ഓരോ ബഡ്ജറ്റിലും അതാത് വർഷത്തേയ്ക്ക് പ്രതീക്ഷിച്ച റവന്യൂ വരുമാനം, നികുതി വരുമാനം അവ ഓരോ ഇനത്തിലും ലഭിച്ച യഥാർത്ഥ വരുമാനത്തിന്റെയും അതിന്റെ ശതമാന കണക്കിന്റെയും വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly